# വണ്ടൂർ ഗണിതം - എസ്.എസ്.എൽ.സി പഠനസഹായി 2022

## REVISION - സമാന്തരശ്രേണികൾ - PART 1 - ഉത്തരങ്ങൾ

**1** ചിത്രത്തിലേതുപോലെ തീപ്പെട്ടിക്കമ്പുകൾ അടുക്കി വച്ച് രൂപങ്ങൾ ഉണ്ടാക്കാം.



a) ഇങ്ങനെ തുടർന്നാൽ കിട്ടുന്ന നാലാമത്തെ രൂപത്തിൽ എത്ര തീപ്പെട്ടിക്കമ്പുകളുണ്ടാകും ?

b) ഇങ്ങനെ തുടർന്നാൽ ഓരോ രൂപവും ഉണ്ടാക്കാൻ ഉപയോഗിക്കുന്ന തീപ്പെട്ടിക്കമ്പുകളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക .

c) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക .

<u>ഉത്തരം</u> .

a) 9

b) 3 , 5 , 7 , . . .

c)3 ൽ നിന്ന് തുടങ്ങി 2 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് .

**2** ചിത്രത്തിൽ ഏതാനും സമചതുരങ്ങൾ വരച്ചിരിക്കുന്നു.




a) ഇങ്ങനെ തുടർന്നാൽ കിട്ടുന്ന അഞ്ചാമത്തെ സമചതുരത്തിന്റെ ചുറ്റളവ് എത്ര ?

b) ഇങ്ങനെ തുടർന്നാൽ കിട്ടുന്ന സമചതുരങ്ങളുടെ ചുറ്റളവുകളുടെ ശ്രേണി എഴുതുക

c) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക .

**ഉത്തരം** .

a) $4 \times 5 = 20$ സെ.മീ.

b) 4 , 8 , 12 , . . .

c)4 ൽ നിന്ന് തുടങ്ങി 4 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് .

3 ചിത്രത്തിൽ വൃത്തങ്ങളിൽ കുറെ ബിന്ദുക്കൾ അടയാളപ്പെടുത്തിയിരിക്കുന്നു.



a) ഇങ്ങനെ തുടർന്നാൽ 5-)മത്തെ വൃത്തത്തിൽ എത്ര ബിന്ദുക്കൾ ഉണ്ടാകും ?

b) ഇങ്ങനെ തുടർന്നാൽ ഓരോ വൃത്തത്തിലും കിട്ടുന്ന പൊട്ടുകളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക .

c) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക.

**ഉത്തരം** .

a) 10

b) 2 , 4 , 6 , . . .

c)2 ൽ നിന്ന് തുടങ്ങി 2 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് .

4 ചിത്രത്തിൽ ഏതാനും സമഭുജത്രികോണങ്ങൾ വരച്ചിരിക്കുന്നു.




a) ഇങ്ങനെ തുടർന്നാൽ 5-)മത്തെ സമഭുജത്രികോണത്തിന്റെ ചുറ്റളവ് എത്ര ?

b) ഇങ്ങനെ തുടർന്നാൽ കിട്ടുന്ന സമഭുജത്രികോണങ്ങളുടെ ചുറ്റളവുകളുടെ ശ്രേണി എഴുതുക .

c) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക .

| | |
|---|---|
| | **ഉത്തരം** .<br>a) 3 × 5 = 15 സെ.മീ.<br>b) 3 , 6 , 9 , . . .<br>c)3 ൽ നിന്ന് തുടങ്ങി 3 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് . |
| 5 | a) എണ്ണൽ സംഖ്യകളെ 4 കൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യാശ്രേണി എഴുതുക .<br>b) എണ്ണൽ സംഖ്യകളെ 4 കൊണ്ട് ഗുണിച്ചു 1 കൂട്ടി കിട്ടുന്ന സംഖ്യാശ്രേണി എഴുതുക .<br>c) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക . |
| | **ഉത്തരം** .<br>a) 4 , 8 , 12 , . . .<br>b) 5 , 9 , 13 , . . .<br>c)5 ൽ നിന്ന് തുടങ്ങി 4 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് . |
| 6 | a) എണ്ണൽ സംഖ്യകളെ 5 കൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യാശ്രേണി എഴുതുക .<br>b) എണ്ണൽസംഖ്യകളെ 5 കൊണ്ട് ഗുണിച്ചു 2 കുറച്ച് കിട്ടുന്നസംഖ്യാശ്രേണിഎഴുതുക .<br>c) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക . |
| | **ഉത്തരം** .<br>a) 5 , 10 , 15 , . . .<br>b) 3 , 8 , 13 , . . .<br>c)3 ൽ നിന്ന് തുടങ്ങി 5 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് . |
| 7 | a) 1 ൽ അവസാനിക്കുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി എഴുതുക .<br>b) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക. |
| | **ഉത്തരം** .<br>a) 1 , 11 , 21 , . . .<br>c)1 ൽ നിന്ന് തുടങ്ങി 10 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് . |

| | |
|---|---|
| 8 | a) 2, 7 എന്നീ അക്കങ്ങളിൽ അവസാനിക്കുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി എഴുതുക .<br>b) മുകളിൽ കിട്ടിയ ശ്രേണി ഒരു സമാന്തരശ്രേണിയാണോ എന്ന് പരിശോധിക്കുക. |
| | <u>ഉത്തരം</u> .<br>a) 2 , 7 , 12 , . . .<br>b)2 ൽ നിന്ന് തുടങ്ങി 5 തന്നെ വീണ്ടും വീണ്ടും കൂട്ടിയാണ് ഈ ശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് . അതിനാൽ ഈ ശ്രേണി ഒരു സമാന്തരശ്രേണിയാണ് . |
| 9 | a) ആദ്യപദം 7 ഉം പൊതുവ്യത്യാസം 4 ഉം ആയ സമാന്തരശ്രേണി എഴുതുക .<br>b) ഈ ശ്രേണിയുടെ അഞ്ചാംപദം എത്രയാണ് ?<br>c) ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ടുപദങ്ങളുടെ വ്യത്യാസം 100 ആകുമോ ? എന്തുകൊണ്ട് ? |
| | <u>ഉത്തരം</u> .<br>a) 7 , 11 , 15 , . . .<br>b) $x_5 = f + 4d = 7 + (4 \times 4) = 7 + 16 = 23$<br>c) ആകും . പൊതുവ്യത്യാസത്തിന്റെ ( 4 ന്റെ ) ഗുണിതമാണ് 100 . ( ഒരു സമാന്തരശ്രേണിയിലെ രണ്ടുപദങ്ങളുടെ വ്യത്യാസം അവയുടെ സ്ഥാനങ്ങളുടെ വ്യത്യാസവും പൊതുവ്യത്യാസവും തമ്മിലുള്ള ഗുണനഫലമാണ് . ) |
| 10 | a) ആദ്യപദം 10 ഉം പൊതുവ്യത്യാസം 6 ഉം ആയ സമാന്തരശ്രേണി എഴുതുക ?<br>b) ഈ ശ്രേണിയുടെ എട്ടാം പദം എത്രയാണ് ?<br>c) ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ടുപദങ്ങളുടെ വ്യത്യാസം 54 ആകുമോ ? എന്തുകൊണ്ട് ? |
| | <u>ഉത്തരം</u> .<br>a) 10 , 16 , 22 , . . .<br>b) $x_8 = f + 7d = 10 + (7 \times 6) = 10 + 42 = 52$<br>c) ആകും . പൊതുവ്യത്യാസത്തിന്റെ ( 6 ന്റെ ) ഗുണിതമാണ് 54 . ( ഒരു സമാന്തരശ്രേണിയിലെ രണ്ടുപദങ്ങളുടെ വ്യത്യാസം അവയുടെ സ്ഥാനങ്ങളുടെ വ്യത്യാസവും പൊതുവ്യത്യാസവും തമ്മിലുള്ള ഗുണനഫലമാണ് . ) |

| | |
|---|---|
| 11 | a) പൊതുവ്യത്യാസം 5 ആയ സമാന്തരശ്രേണി എഴുതുക.<br><br>b) ഈ ശ്രേണിയുടെ ഒൻപതാം പദം എത്രയാണ് ?<br><br>c) ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ടുപദങ്ങളുടെ വ്യത്യാസം 72 ആകുമോ ?<br>എന്തുകൊണ്ട് ? |
| | <u>ഉത്തരം</u> .<br><br>a) 5 , 10 , 15 , . . . (പൊതുവ്യത്യാസം 5 ആയ ഏതു സമാന്തരശ്രേണിയും എഴുതാം)<br><br>b) $x_9 = f + 8d = 5 + (8 \times 5) = 5 + 40 = 45$<br><br>c) ആവില്ല . പൊതുവ്യത്യാസത്തിന്റെ ( 5 ന്റെ ) ഗുണിതമല്ല 72 ( ഒരു സമാന്തരശ്രേ ണിയിലെ രണ്ടുപദങ്ങളുടെ വ്യത്യാസം അവയുടെ സ്ഥാനങ്ങളുടെ വ്യത്യാസവും പൊതുവ്യത്യാസവും തമ്മിലുള്ള ഗുണനഫലമാണ് . ) |
| 12 | a) പൊതുവ്യത്യാസം 10 ആയ സമാന്തരശ്രേണി എഴുതുക ?<br><br>b) ഈ ശ്രേണിയുടെ പത്താം പദം എത്രയാണ് ?<br><br>c) ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ടുപദങ്ങളുടെ വ്യത്യാസം 63 ആകുമോ ?<br>എന്തുകൊണ്ട് ? |
| | <u>ഉത്തരം</u> .<br><br>a) 10 , 20 , 30 , . . . (പൊതുവ്യത്യാസം 10 ആയ ഏതു സമാന്തരശ്രേണിയും എഴുതാം)<br><br>b) $x_{10} = f + 9d = 10 + (9 \times 10) = 10 + 90 = 100$<br><br>c) ആവില്ല . പൊതുവ്യത്യാസത്തിന്റെ (10 ന്റെ ) ഗുണിതമല്ല 63 ( ഒരു സമാന്തരശ്രേ ണിയിലെ രണ്ടുപദങ്ങളുടെ വ്യത്യാസം അവയുടെ സ്ഥാനങ്ങളുടെ വ്യത്യാസവും പൊതുവ്യത്യാസവും തമ്മിലുള്ളഗുണനഫലമാണ് . ) |
| 13 | 5 , 9 , 13 , . . . എന്ന സമാന്തരശ്രേണിയുടെ<br><br>a) പൊതുവ്യത്യാസം എത്രയാണ് ?<br><br>b) എത്രാം പദമാണ് 101 ? |

| | |
|---|---|
| | **ഉത്തരം .**<br><br>a) $d = 9 - 5 = 4$<br><br>b) $\text{സ്ഥാനവ്യത്യാസം} = \dfrac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \dfrac{101-5}{3} = \dfrac{96}{4} = 24$<br><br>$n = 24 + 1 = 25$ |
| 14 | 8 , 13 , 18 , . . . എന്ന സമാന്തരശ്രേണിയുടെ<br><br>a) പൊതുവ്യത്യാസം എത്രയാണ് ?<br><br>b) എത്രാം പദമാണ് 203 ? |
| | **ഉത്തരം .**<br><br>a) $d = 13 - 8 = 5$<br><br>b) $\text{സ്ഥാനവ്യത്യാസം} = \dfrac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \dfrac{203-8}{5} = \dfrac{195}{5} = 39$<br><br>$n = 39 + 1 = 40$ |
| 15 | 4 , 10 , 16 , . . . എന്ന സമാന്തരശ്രേണിയുടെ<br><br>a) പൊതുവ്യത്യാസം എത്രയാണ് ?<br><br>b) എത്രാം പദമാണ് 58 ? |
| | **ഉത്തരം .**<br><br>a) $d = 10 - 4 = 6$<br><br>b) $\text{സ്ഥാനവ്യത്യാസം} = \dfrac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \dfrac{58-4}{6} = \dfrac{54}{6} = 9$<br><br>$n = 9 + 1 = 10$ |
| 16 | ഒരു സമാന്തരശ്രേണിയുടെ 4 - ാം പദം 14 ഉം 9- ാം പദം 29 ഉം ആയാൽ ശ്രേണിയുടെ<br><br>a) പൊതുവ്യത്യാസം എത്രയാണ് ?<br><br>b) ആദ്യപദം എത്രയാണ് ?<br><br>c) ഈ ശ്രേണിയിലെ എത്രാം പദമാണ് 62 ? |

വണ്ടൂർ ഗണിതം

| | |
|---|---|
| | **ഉത്തരം .**<br><br>a) പൊതുവ്യത്യാസം $= \dfrac{\text{സ്ഥാനവ്യത്യാസം}}{\text{പദവ്യത്യാസം}} = \dfrac{29-14}{9-4} = \dfrac{15}{5} = 3$<br><br>b) $f = x_4 - 3d = 14 - (3 \times 3) = 14 - 9 = 5$<br><br>c) സ്ഥാനവ്യത്യാസം $= \dfrac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \dfrac{62-5}{3} = \dfrac{57}{3} = 19$<br><br>$n = 19 + 1 = 20$ |
| 17 | **ഒരു സമാന്തരശ്രേണിയുടെ 5 - ാം പദം 31 ഉം 11 - ാം പദം 67 ഉം ആയാൽ ശ്രേണിയുടെ**<br><br>**a) പൊതുവ്യത്യാസം എത്രയാണ് ?**<br><br>**b) ആദ്യപദം എത്രയാണ് ?**<br><br>**c) ഈ ശ്രേണിയിലെ എത്രാം പദമാണ് 601 ?** |
| | **ഉത്തരം .**<br><br>a) പൊതുവ്യത്യാസം $= \dfrac{\text{സ്ഥാനവ്യത്യാസം}}{\text{പദവ്യത്യാസം}} = \dfrac{67-31}{11-5} = \dfrac{36}{6} = 6$<br><br>b) $f = x_5 - 4d = 31 - (4 \times 6) = 31 - 24 = 7$<br><br>c) സ്ഥാനവ്യത്യാസം $= \dfrac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \dfrac{601-7}{6} = \dfrac{594}{6} = 99$<br><br>$n = 99 + 1 = 100$ |
| 18 | **ഒരു സമാന്തരശ്രേണിയുടെ 10 - ാം പദം74 ഉം 20 - ാം പദം154 ഉം ആയാൽ ശ്രേണിയുടെ**<br><br>**a) പൊതുവ്യത്യാസം എത്രയാണ് ?**<br><br>**b) ആദ്യപദം എത്രയാണ് ?**<br><br>**c) ഈ ശ്രേണിയിലെ എത്രാം പദമാണ് 474 ?** |
| | **ഉത്തരം .**<br><br>a) പൊതുവ്യത്യാസം $= \dfrac{\text{സ്ഥാനവ്യത്യാസം}}{\text{പദവ്യത്യാസം}} = \dfrac{154-74}{20-10} = \dfrac{80}{10} = 8$<br><br>b) $f = x_{10} - 9d = 74 - (9 \times 8) = 74 - 72 = 2$<br><br>c) സ്ഥാനവ്യത്യാസം $= \dfrac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \dfrac{474-2}{8} = \dfrac{472}{8} = 59$<br><br>$n = 59 + 1 = 60$ |

19 ഒരു സമാന്തരശ്രേണിയുടെ 8 - ാം പദം 29 ഉം 15- ാം പദം 57 ഉം ആയാൽ ശ്രേണിയുടെ

a) പൊതുവ്യത്യാസം എത്രയാണ് ?

b) ആദ്യപദം എത്രയാണ് ?

c) ഈ ശ്രേണിയിലെ എത്രാം പദമാണ് 97 ?

<u>ഉത്തരം</u> .

a) $\text{പൊതുവ്യത്യാസം} = \frac{\text{സ്ഥാനവ്യത്യാസം}}{\text{പദവ്യത്യാസം}} = \frac{57-29}{15-8} = \frac{28}{7} = 4$

b) $f = x_8 - 7d = 29 - (7 \times 4) = 29 - 28 = 1$

c) $\text{സ്ഥാനവ്യത്യാസം} = \frac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \frac{97-1}{4} = \frac{96}{4} = 24$

$n = 24 + 1 = 25$

20 6 , 10 , 14 , . . . എന്ന സമാന്തരശ്രേണിയുടെ

a) പൊതുവ്യത്യാസം എത്രയാണ് ?

b) 20 - ാം പദത്തോട് 40 കൂട്ടിയാൽ ഈ ശ്രേണിയിലെ എത്രാം പദം കിട്ടും ?

<u>ഉത്തരം</u> .

a) $d = 10 - 6 = 4$

b) 30 ാം പദം

$(x_{20} + 40 = x_{20} + 10 \times 4 = x_{20} + 10d = x_{30})$

21 7 , 10 , 13 , . . . എന്ന സമാന്തരശ്രേണിയുടെ

a) പൊതുവ്യത്യാസം എത്രയാണ് ?

b) 15 - ാം പദത്തോട് 27 കൂട്ടിയാൽ ഈ ശ്രേണിയിലെ എത്രാം പദം കിട്ടും ?

<u>ഉത്തരം</u> .

a) $d = 10 - 7 = 3$

b) 24 ാം പദം

$(x_{15} + 27 = x_{15} + 9 \times 3 = x_{15} + 9d = x_{24})$

22 8 , 14 , 20 , . . . എന്ന സമാന്തരശ്രേണിയുടെ

a) പൊതുവ്യത്യാസം എത്രയാണ് ?

b) 40 - ാം പദത്തിൽ നിന്നും 48 കുറച്ചാൽ ഈ ശ്രേണിയിലെ എത്രാം പദം കിട്ടും ?

| | |
|---|---|
| | **ഉത്തരം** .<br><br>a) $d = 14 - 8 = 6$<br><br>b) 32 ാം പദം<br><br>$(x_{40} - 48 = x_{40} - 8 \times 6 = x_{40} - 8d = x_{32})$ |
| 23 | 3 , 8 , 13 , . . . എന്ന സമാന്തരശ്രേണിയുടെ<br><br>a) പൊതുവ്യത്യാസം എത്രയാണ് ?<br><br>b) 30 - ാം പദത്തിൽ നിന്നും 100 കുറച്ചാൽ ഈ ശ്രേണിയിലെ എത്രാം പദം കിട്ടും ? |
| | **ഉത്തരം** .<br><br>a) $d = 8 - 3 = 5$<br><br>b) 10 ാം പദം<br><br>$(x_{30} - 100 = x_{30} - 20 \times 5 = x_{30} - 20d = x_{10})$ |
| 24 | 3 കൊണ്ട് ഹരിച്ചാൽ 1 ശിഷ്ടം വരുന്ന രണ്ടക്ക എണ്ണൽസംഖ്യകളുടെ ശ്രേണി എഴുതിയാൽ<br><br>a) പൊതുവ്യത്യാസം എത്രയാണ് ?<br><br>b) ഏറ്റവും ചെറിയസംഖ്യ ഏത് ?<br><br>c) ഇത്തരം സംഖ്യകളുടെ എണ്ണമെത്രയാണ് ? |
| | **ഉത്തരം** .<br><br>a) 3<br><br>b) ഏറ്റവും ചെറിയസംഖ്യ = 10<br><br>c) ഏറ്റവും വലിയസംഖ്യ = 97<br><br>$\text{സ്ഥാനവ്യത്യാസം} = \frac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \frac{97-10}{3} = \frac{87}{3} = 29$<br><br>സംഖ്യകളുടെ എണ്ണം = 29 + 1 = 30 |

| | |
|---|---|
| 25 | 5 കൊണ്ട് ഹരിച്ചാൽ 2 ശിഷ്ടം വരുന്ന മൂന്നക്ക എണ്ണൽസംഖ്യകളുടെ ശ്രേണി എഴുതിയാൽ<br>a) പൊതുവ്യത്യാസം എത്രയാണ് ?<br>b) ഏറ്റവും ചെറിയസംഖ്യ ഏത് ?<br>c) ഇത്തരം സംഖ്യകളുടെ എണ്ണമെത്രയാണ് ? |
| | <u>ഉത്തരം</u> .<br>a) 5<br>b) ഏറ്റവും ചെറിയസംഖ്യ = 102<br>c) ഏറ്റവും വലിയസംഖ്യ = 997<br>സ്ഥാനവ്യത്യാസം $= \frac{\text{പദവ്യത്യാസം}}{\text{പൊതുവ്യത്യാസം}} = \frac{997-102}{5} = \frac{895}{5} = 179$<br>സംഖ്യകളുടെ എണ്ണം = 179 + 1 = 180 |
| 26 | 3 , 13 , 23 , . . . എന്ന സമാന്തരശ്രേണിയുടെ<br>a) പൊതുവ്യത്യാസം എത്രയാണ് ?<br>b) ഈ ശ്രേണിയിലെ അടുത്ത 3 പദങ്ങൾ കൂടി എഴുതുക .<br>c) ഈ ശ്രേണിയിൽ പൂർണവർഗ്ഗസംഖ്യകളായ ഏതെങ്കിലും പദങ്ങൾ ഉണ്ടാകുമോ? നിങ്ങളുടെ ഉത്തരംസമർഥിക്കുക. |
| | <u>ഉത്തരം</u> .<br>a) $d = 13 - 3 = 10$<br>b) 33 , 43 , 53<br>c) ഇല്ല. ഈ ശ്രേണിയിലെ എല്ലാ പദങ്ങളുടെയും ഒറ്റയുടെ സ്ഥാനത്തെ അക്കം 3 ആണ് . ഒരു പൂർണവർഗ്ഗസംഖ്യയുടെയും ഒറ്റയുടെ സ്ഥാനത്തെ അക്കം 3 ആവില്ല. |
| 27 | 7 , 12 , 17 , . . . എന്ന സമാന്തരശ്രേണിയുടെ<br>a) പൊതുവ്യത്യാസം എത്രയാണ് ?<br>b) ഈ ശ്രേണിയിലെ അടുത്ത 3 പദങ്ങൾ കൂടി എഴുതുക .<br>c) ഈ ശ്രേണിയിൽ പൂർണവർഗ്ഗസംഖ്യകളായ ഏതെങ്കിലും പദങ്ങൾ ഉണ്ടാകുമോ? നിങ്ങളുടെ ഉത്തരം സമർഥിക്കുക . |